"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - തൃശ്ശൂർ മതിലകം സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂളിലെ ജൂനിയർ ലാംഗ്വേജ് അറബിക് (എൽ.പി) അധ്യാപികയായ ശ്രീമതി സലീന മാമ്പ്രയുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3665/2026/GEDN തീയതി,തിരുവനന്തപുരം, 30-05-2026

---

പരാമർശം:-

1. തൃശ്ശൂർ മതിലകം സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂൾ മാനേജർ സമർപ്പിച്ച 30.01.2026 തീയതി വെച്ച റിവിഷൻ ഹർജി.
2. ഇരിഞ്ഞാലക്കുട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 01/01/2026 ലെ DEOIJK/568/2026-B4 നമ്പർ കത്ത്.
3. തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 06/04/2026 ലെ DDETSR/654/2026-B2 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07/04/2026 ലെ ഡി.ജി.ഇ/4901/2026-ഇസി5 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തൃശ്ശൂർ മതിലകം സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂളിലെ ജൂനിയർ ലാംഗ്വേജ് അറബിക് (എൽ.പി) അധ്യാപികയായ ശ്രീമതി സലീന മാമ്പ്രയുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഹർജിക്കാരനെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 07.04.2026 ന് ഗൂഗൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2. **<u>നേരിൽ കേട്ട വേളയിൽ മാനേജർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു.</u>**

മതിലകം സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂളിൽ 2022-23 അധ്യയന വർഷത്തെ ജൂനിയർ ലാംഗ്വേജ് അറബിക് (എൽ.പി) അധിക തസ്തികയിലെ ഒഴിവിൽ നിയമിച്ച ശ്രീമതി. സലീന മാമ്പ്രയുടെ 18.07.2024 മുതലുള്ള ജൂനിയർ അറബിക് (എൽ.പി) തസ്തികയിലെ നിയമനം താഴെ പറയുന്ന കാരണങ്ങളാൽ നിരസിക്കപ്പെടുകയുണ്ടായി.

i. അധിക തസ്തികയിലെ ഒഴിവ് ആയതിനാൽ മാനേജർ 1:1 അനുപാതം പാലിക്കുകയോ സംരക്ഷിത അധ്യാപകരെ നിയമിക്കുകയോ ചെയ്തിട്ടില്ല.

ii. ദീർഘകാല അവധി ഒഴിവിൽ സംരക്ഷിത അധ്യാപക സ്കൂളിൽ നിലനിൽക്കുന്നതിനാൽ

അപ്പീൽ അനുവദിക്കണമെന്ന് മാനേജർ ആവശ്യപ്പെട്ടുന്നുണ്ടെങ്കിലും, എയ്ഡഡ് സ്കൂളിലെ അധിക തസ്തികകളിൽ അദ്ധ്യായം XXI ചട്ടം 7(2) അനുസരിച്ച് മാത്രമേ നിയമനം നടത്തുവാൻ ആവുകയുള്ളൂ എന്നും ചട്ടം 7(4) പ്രകാരം അവധി ഒഴിവിൽ സംരക്ഷിത ജീവനക്കാരെ നിയമിച്ചത് ചട്ടം 7(2) പാലിക്കുന്നതിന് മതിയാകില്ല.

iii. നിയമനം നിരസിച്ച സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നു.

KER അദ്ധ്യായം XXI ചട്ടം 7(2) പ്രകാരം ഉള്ള സംരക്ഷിത അധ്യാപക നിയമന വ്യവസ്ഥകൾ ബഹു. സുപ്രീം കോടതി, ബഹു. ഹൈക്കോടതി എന്നിവയുടെ വിധികൾക്ക് വിധേയമായി പാലിച്ചു കൊള്ളാമെന്നുള്ള വ്യവസ്ഥകളോടെ മാനേജർമാർ നടത്തിയിട്ടുള്ള നിയമനങ്ങൾ അംഗീകരിക്കുന്നതിന് നിർദ്ദേശങ്ങൾ ഉണ്ട്. അപ്രകാരം 2016-17 മുതൽ 2019-20 വർഷം വരെയുള്ള നിയനങ്ങൾക്ക് ഇളവുകൾ ലഭിച്ചിരുന്നു. 12.01.2010 ലെ സ.ഉ (പി) 10/10 ലെ 5,6 വ്യവസ്ഥകൾ പാലിക്കാതെ മാനേജർമാർ നിയമനം നടത്തിയിട്ടുള്ള കേസുകളിൽ തത്തുല്യ എണ്ണം സംരക്ഷിത അധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥകളിൽ ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ വിധിക്ക് വിധേയമായി നടപ്പിലാക്കിയാൽ മതിയെന്ന നിബന്ധനയോടെ നിയമിക്കപ്പെട്ടവരുടെ നിയമനങ്ങൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. എയ്ഡഡ് സ്കൂളിലെ മാനേജർമാർ അധ്യാപക ബാങ്കിൽ നിന്നും നിയമാനുസൃതം നിയമിക്കേണ്ട ഒഴിവിലേക്ക് സംരക്ഷിത അധ്യാപകരെ നിയമിച്ച് ഉത്തരവാകുകയോ/ഭാവിയിൽ ഉണ്ടാകുന്ന ഒഴിവിൽ സംരക്ഷിത അധ്യാപകരെ നിയമിക്കാം എന്ന സത്യപ്രസ്താവന നൽകുകയോ ചെയ്യുന്ന തീയതി മുതൽ നിലവിലുള്ള കെ.ഇ.ആർ വ്യവസ്ഥകളിൽ താൽക്കാലിക ഇളവ് നൽകി നിയമിക്കപ്പെട്ട ജീവനക്കാർക്ക് നിയമനാംഗീകാരം നൽകാവുന്നതാണെന്ന് GO(P) 4/2021/GEDN ഉത്തരവിലെ ഖണ്ഡിക 4(2) പ്രകാരം ഉത്തരവായിരുന്നു. 2016-17 മുതൽ 2019-20 വരെ അധിക തസ്തികകളിൽ നിയമിതരായവരുടെ കാര്യത്തിൽ സംരക്ഷിത അധ്യാപക നിയമനം സംബന്ധിച്ച് കോടതി വിധികൾക്ക് വിധേയമായി ഭാവിയിൽ നിയമനം നടത്തുമെന്ന സത്യപ്രസ്താവന മാനേജർ നല്കുന്നുവെങ്കിൽ നിയമനത്തീയതി മുതൽ നോഷണലായി അംഗീകാരം നൽകാനും സാമ്പത്തീകാനുകൂല്യം 6.2.2021 മുതൽ നൽകാനും GO (പി) 2/2023 GEDN തീയതി 23.01.2023 ൽ നിർദ്ദേശങ്ങൾ നൽകിയിരുന്നു. സർക്കാർ ഉത്തരവ് (പി) നം.29/16 പൊ.വി.വ തീയതി 29.01.2026, സർക്കുലർ നം. H2/19500/2001 ഡി.ജി.ഇ തീയതി 26.2.2021 എന്നിവ അനുസരിച്ചും സംരക്ഷിത അധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥകളിൽ ഇളവുകൾ അനുവദിച്ചിട്ടുണ്ട്. മലപ്പുറം അരീക്കോട് എസ്.ഒ.എച്ച്.എസ് സ്കൂൾ യു.പി.എസ്.ടി ശ്രീമതി. സജ സലാം എം.പി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത നം. 9693/2024 റിട്ട് ഹർജിയിന്മേലുള്ള 12.3.2024 ലെ വിധിന്യായം നടപ്പിലാക്കിയിട്ടുള്ള പൊതുവിദ്യാഭ്യാസ (കെ) വകുപ്പ് സ.ഉ (സാധാ) നം. 4881/2024 GEDN തിരുവനന്തപുരം തീയതി 5.8.2024 ഉത്തരവിൽ സംരക്ഷിത അധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥകളിൽ ഇളവ് അനുവദിച്ച കാര്യം വ്യക്തമാക്കിയിട്ടുണ്ട്. മതിലകം സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂളിൽ ശ്രീമതി. സലീന മാമ്പ്രയെ ജൂനിയർ അറബിക് (എൽ.പി) തസ്തികയിൽ നിയമിച്ചിട്ടുള്ളത് നിശ്ചിത യോഗ്യതകളോടെയാകുന്നു. ടിയാരിയുടെ ജനന തീയതി 25.5.1981 ആകയാൽ ടി നിയമനം നിശ്ചിത പ്രായപരിധിക്കുള്ളിൽ നിന്നുള്ളതാകുന്നു. 18.7.2024 മുതലുള്ള ടിയാളുടെ നിയമനത്തിൽ പ്രായപരിധിയും മാനുഷികമായ പരിഗണനകളും കണക്കിലെടുത്തായിരുന്നു. ശ്രീമതി. സലീന മാമ്പ്രയുടെ ജൂനിയർ അറബിക് (എൽ.പി) തസ്തികയിലെ നിയമനം 2019-20 വർഷത്തിനുമുമ്പ് മുതൽ തുടർന്നു വരുന്ന അധിക

തസ്തിയിലേക്കാണ്. 2019-20 വർഷത്തെ അധിക തസ്തികയായതിനാൽ തന്നെ മാനേജരുടെ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഈ നിയമനവും അംഗീകരിക്കുന്നതിന് ഗവണ്മെന്റ് ഉത്തരവ് നിലനില്ക്കുന്നുണ്ട്. മേൽ സാഹചര്യങ്ങൾ പരിഗണിച്ച് അദ്ധ്യായം XXI ചട്ടം 7(2) പ്രകാരമുള്ള സംരക്ഷിത അധ്യാപക നിയമന വ്യവസ്ഥകൾ ബഹു. സുപ്രീംകോടതിയിലും ഹൈക്കോടതിയിലും നിലനിൽക്കുന്ന കേസുകളിലെ വിധികൾക്ക് വിധേയമായി പരിഗണിക്കുന്നതിനും മതിലകം സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂളിൽ ശ്രീമതി. സലീന മാമ്പ്രയുടെ 18.7.2024 മുതലുള്ള ജൂനിയർ അറബിക് (എൽ.പി) തസ്തികയിലെ നിയമനം അംഗീകരിക്കുന്നതിന് ഉത്തരവുണ്ടാകണമെന്നും അതിനുവേണ്ടുന്ന സത്വര നടപടികൾ സ്വീകരിക്കണമെന്ന അഭ്യർത്ഥനയോടെ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

3. **<u>നേരിൽ കേട്ട വേളയിൽ ശ്രീമതി. സലീന മാമ്പ്ര ചുവടെ ചേർക്കും പ്രകാരം വാദിച്ചു.</u>**

മതിലകം സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ എൽ.പി വിഭാഗം ജൂനിയർ അറബിക്ക് ടീച്ചറായി 18.07.2024 മുതൽ അഡീഷണൽ ഡിവിഷൻ വേക്കൻസിയിലാണ് മാനേജർ എന്നെ നിയമിച്ചിട്ടുള്ളത്. നിയമനാപേക്ഷ ബഹു. ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് നമ്പർ ബി4/762613/2024 തീയതി 25/05/2025 പ്രകാരം അധിക ഡിവിഷൻ ഒഴിവ് ആയതിനാൽ മാനേജർ 1:1 അനുപാതം പാലിക്കുകയോ സംരക്ഷിത അധ്യാപകരെ നിയമിക്കുകയോ പെയ്തിട്ടില്ല എന്ന കാരണത്താൽ നിരസിക്കുകയുണ്ടായി. ഇതിനെതിരെ മാനേജർ ബഹു. ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് അപേക്ഷ നൽകുകയും ചെയ്തു. ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ ഉത്തരവ് നമ്പർ ബി2/842055/2025 തീയതി 25/09/2025 പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫിസർ നിയമനം നിരസിക്കുവാനുണ്ടായ കാരണം ഇപ്പോഴും നിലനിൽക്കുന്നതായി സൂചിപ്പിച്ചുകൊണ്ട് പ്രസ്തുത നിയമനം നിരസിക്കുകയുണ്ടായി. ഇതിനെതിരെ മാനേജർ ബഹു. പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർക്ക് അപേക്ഷ നൽകുകയും ചെയ്തു. പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ ഉത്തരവ് നമ്പർ ഇസി5/900191/2025 തീയതി 19/01/2026 പ്രകാരം "നിയമനം നിരസിക്കുവാനുണ്ടായ സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നു" എന്ന കരണാത്താൽ നിരസിക്കുകയുണ്ടായി. ഇതിനെതിരെയും ബഹു. മാനേജർ ഗവണ്മെന്റിലേക്ക് അപേക്ഷ നൽകുകയും ചെയ്തു. 18.07.2024 മുതൽ അഡീഷണൽ ഡിവിഷൻ വേക്കൻസിയിലാണ് എന്നെ മാനേജർ നിയമിച്ചിട്ടുള്ളത്. ഈ പോസ്റ്റിന്റെ സ്വഭാവം അഡീഷണൽ ഡിവിഷൻ എന്നതിലുപരി 1:1 എന്ന അനുപാതവും പ്രൊട്ടക്ഷൻ പോസ്റ്റ് ആണെന്നുള്ള വിവരവും എനിക്ക് അറിവില്ലാത്തതാകുന്നു. 18.07.2024 മുതൽ രണ്ട് വർഷകാലവും ഒരു പ്രതിഫലവും പറ്റാതെയാണ് ജോലിചെയ്യുന്നത്. വ്യക്തിപരമായി എന്റെ കുടുംബത്തിൽ പ്രായമായ മാതാപിതാക്കളുടെ പരിചരണവും, നഴ്സറി സ്കൂളിൽ പഠിക്കുന്ന എന്റെ സ്വന്തം രണ്ട് കുട്ടികളുടെ പരിചരണവും മറ്റൊരു ജോലിക്കാരിയുടെ സഹായം കൊണ്ട് മാത്രമാണ് എനിക്ക് ചെയ്യാൻ കഴിയുന്നത്. ദിവസേന ആവശ്യമായ വണ്ടിക്കൂലിയും ഇത്രയും നാൾ മറ്റുള്ളവരെ ആശ്രയിച്ചാണ് കഴിയുന്നത്. സാമ്പത്തികമായി ഏറെ ഈ അവസരത്തിൽ ഞാൻ ബുദ്ധിമുട്ടുന്നു. ഇന്നല്ലങ്കിൽ നാളെ ഈ നിയമനം പാസായി ലഭിക്കുമെന്നുള്ള ശുഭപ്രതീക്ഷയിലാണ് ഞാനും എന്റെ കുടുംബവും മുന്നോട്ടു പോയികൊണ്ടിരുന്നത്. 25.05.1981-ൽ ജനന തീയതി ആയിട്ടുള്ള എന്റെ നിയമനം ഗവണ്മെന്റ് നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത പ്രായ പരിധിയിൽ ഉൾപെട്ടിട്ടുള്ളതാകുന്നു. ഈ നിയമനം അംഗീകരിച്ചു ലഭിക്കാതെ മറ്റൊരു നിയമനം എന്നെ സംബന്ധിച്ചിടത്തോളം ഏറെ ദുഷ്കരമായ ഒന്നാകുന്നു.

എന്റെ അറിവിൽ നിലവിൽ ഈ സ്കൂളിൽ ഒത്തിരി അധിക ഡിവിഷനുകളും പോസ്റ്റുകളും അനുവദിക്കാൻ ആവശ്യമായ കുട്ടികളും മറ്റ് സൗകര്യങ്ങളും ഉണ്ടെന്ന് മനസിലാക്കുന്നു. ഗവണ്മെന്റിന്റെ നിയമ വ്യവസ്ഥകൾക്ക് അനുയോജ്യമായ ഏതെങ്കിലും ഒരു നിയമനം മാറ്റിവക്കുകയാണെങ്കിൽ എന്റെ നിയമനം അംഗീകരിക്കുന്നതിന് മാർഗ്ഗ തടസങ്ങൾ ഒന്നും തന്നെ ഉണ്ടാകില്ലെന്ന് അറിയുന്നു. ഈ വിഷയത്തിൽ പ്രത്യേക മാനുഷീക പരിഗണന നൽകി 18.07.2024 മുതൽ നിയമിതയായ എന്റെ എൽ.പി അറബിക്ക് നിയമനം അനുവദിക്കുന്നതിന് ഉത്തരവ് നൽകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

4. <u>നേരിൽ കേട്ട വേളയിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരമുള്ള റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.</u>

മതിലകം സെന്റ് ജോസഫ്സ് എച്ച് എസ് എസ് - ലെ 2022-23 വർഷത്തെ ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (എൽ.പി) അധിക തസ്തികയിലെ ഒഴിവിൽ മാനേജർ നിയമിച്ച ശ്രീമതി സലീന മാമ്പ്ര യുടെ 18-07-2024 മുതൽ ജൂനിയർ ലാംഗ്വേജ് അറബിക് (എൽ.പി) തസ്തികയിലെ നിയമനത്തിന് അംഗീകാരം നിരസിച്ചതിനെതിരെയാണ് മാനേജർ അപ്പീൽ സമർപ്പിച്ചിട്ടുള്ളത്. അധിക ഡിവിഷൻ ഒഴിവു ആയതിനാൽ മാനേജർ 1:1 അനുപാതം പാലിക്കുകയോ സംരക്ഷിത അദ്ധ്യാപകരെ നിയമിക്കുകയോ ചെയ്തിട്ടില്ല. ശ്രീമതി സലീന മാമ്പ്ര യുടെ 18/01/2024 മുതൽ ഉടർച്ചയായി ജൂനിയർ അറബിക് അദ്ധ്യപികയായുള്ള നിയമനം അംഗീകാരത്തിനായി പരിഗണിക്കാൻ കഴിയില്ല എന്നതിനാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം നിരസിച്ചു നൽകി. ദീർഘകാല അവധി ഒഴിവിൽ സംരക്ഷിത അദ്ധ്യാപിക നിലനിൽക്കുന്നതിനാൽ അപ്പിൽ അനുവദിച്ചു നൽകണമെന്ന് മാനേജർ ആവശ്യപെട്ടിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിലെ അധികതസ്തികകളിൽ, കെ.ഇ.ആർ അധ്യായം XXI 7(2) അനുസരിച്ച് മാത്രമേ നിയമനം നടത്താൻ പാടുള്ളൂ. കൂടാതെ ചട്ടം 7(4) പ്രകാരം അവധി ഒഴിവിൽ സംരക്ഷിത ജീവനക്കാരനെ നിയമിച്ചത് ചട്ടം 7 (2) പാലിക്കുന്നതിന് മതിയാകില്ല എന്നതിനാൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ നിന്നും അപ്പീൽ നിരസിച്ചു നൽകി. നിയമനം നിരസിക്കുവാനുള്ള കാരണം ഇപ്പോഴും നിലനിൽക്കുന്നു. ആയതിനാൽ അപ്പീൽ പരിഗണനാർഹമായി കാണുന്നില്ല.

5) നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ വിഷയം പരിശോധിച്ചു. മതിലകം സെന്റ് ജോസഫ്സ് എച്ച് എസ് എസിൽ 2022-23 അധ്യയന വർഷം അനുവദിച്ച അധിക തസ്തികയിൽ ശ്രീമതി സലീന മാമ്പ്രയെ 18/07/2024 മുതൽ ജൂനിയർ അറബിക് (എൽ പി) അധ്യാപക തസ്തികയിൽ മാനേജർ നിയമിച്ചിരുന്നു. അധിക തസ്തികയിലെ നിയമനം ആയതിനാൽ മാനേജർ 1:1 അനുപാതം പാലിക്കുകയോ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ടി നിയമനം ഇരിങ്ങാലക്കുട ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നു. എയ്ഡഡ് സ്കൂളുകളിലെ അധിക തസ്തികകളിൽ, കേരള വിദ്യാഭ്യാസ ചട്ടം, അധ്യായം 21, ചട്ടം 7 (2) അനുസരിച്ച് മാത്രമേ നിയമനം നടത്താനാകുകയുള്ളുവെന്നും ചട്ടം 7 (4) പ്രകാരം അവധി ഒഴിവിൽ സംരക്ഷിത ജീവനക്കാരനെ നിയമിച്ചത് ചട്ടം 7 (2) പാലിക്കുന്നതിന് മതിയാകില്ല എന്ന കാരണത്താൽ തൃശ്ശൂർ വിദ്യാഭ്യാസ ഉപ ഡയറക്ടറും

നിയമനം നിരസിച്ചു. 2022-23 അധ്യയന വർഷം അനുവദിച്ച അധിക തസ്തികയിലെ പുതിയ നിയമനമാണെന്നും 2022-23 അധ്യയന വർഷം അനുവദിക്കപ്പെട്ടിട്ടുള്ള അധിക തസ്തികയിലെ നിയമനം ആയതിനാൽ 23.01.2023 ലെ സ ഉ (പി) നം 02/ 2023/പൊ വി വ പ്രകാരം 2016-17 മുതൽ 2019-20 വരെയുള്ള വർഷങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള അധിക തസ്തികയിലെ ഒഴിവുകളിൽ 2019-20 ന്റെ ശേഷം നിയമനം നടത്തിയിട്ടുള്ള കേസുകളിൽ മാത്രമാണ് 06.02.2021 ലെ സ ഉ (പി) നം 04/ 2021/ പൊ വി വ ബാധകമാകുന്നതെന്നും 2019-20 ന്റെ ശേഷമുള്ള അധിക തസ്തികയ്ക്ക് 1:1 പാലിക്കേണ്ടതുണ്ടെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6) 2022-2023 വർഷത്തെ അധിക തസ്തികയിലെ ഒഴിവിൽ മാനേജർ ചട്ടം 7 (2) പ്രകാരം സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചിട്ടില്ലാത്തതിനാൽ ശ്രീമതി സലീന മാമ്പ്രയുടെ 18/07/2024 മുതലുള്ള ജൂനിയർ അറബിക് (എൽ പി) തസ്തികയിലെ നിയമനം അംഗീകരിക്കണമെന്ന റിവിഷൻ ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ല. ആയതിനാൽ പരാമർശം (1) റിവിഷൻ ഹർജി നിരസിച്ച് കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അശ്വതി കെ
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂർ
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഇരിങ്ങാലക്കുട
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
മാനേജർ, സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂൾ, മതിലകം, തൃശ്ശൂർ - 680685.
ശ്രീമതി. സലീന മാമ്പ്ര, ജൂനിയർ അറബിക് (എൽ.പി), സെന്റ്ജോസഫ്സ് ഹയർ സെക്കന്ററി സ്കൂൾ, മതിലകം, തൃശ്ശൂർ - 680685.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 30-05-2026 15:56:38
സെക്ഷൻ ഓഫീസർ